

# ഏറ്റവും പ്രിയപ്പെട്ട എന്നോട്

നിമ്ന വിജയ്

ഏറ്റവും ഇഷ്ടമുള്ള കുറച്ചുപേരുടെ പേര് പറയാൻ ആവശ്യപ്പെട്ടാൽ എത്ര പേരുകൾക്കൊടുവിലാണ് നാം നമ്മെ കുറിച്ചോർക്കുന്നത് ? എനിക്ക് എന്നെത്തന്നെയാണ് ഏറ്റവും ഇഷ്ടം എന്നു പറയാൻ നമുക്കിപ്പോഴും കഴിയാറില്ല. അങ്ങനെ കഴിയുന്നിടത്ത്, നാം നമ്മെ സ്വയം ചേർത്തു നിർത്തുന്നിടത്തുവെച്ചാണ് സത്യത്തിൽ ജീവിതം മാറിത്തുടങ്ങുന്നത്. അങ്ങനെ ഒരു യാഥാർഥ്യത്തിലേക്കുള്ള യാത്രയാണ് ഈ നോവൽ. ജീവിതത്തിന്റെ എല്ലാ വൈകാരികതയും കടന്നു വരുന്ന ഈ യാത്രയ്ക്കൊടുവിൽ എനിക്ക് എന്നെയാണ് ഏറ്റവും ഇഷ്ടമെന്നു നിങ്ങൾ തിരിച്ചറിയുന്നിടത്ത് ഈ നോവൽ പൂർണമാകുന്നു...

MANKIND
LITERATURE

MALAYALAM NOVEL
COVER DESIGN : DWIJITH

FICTION

ISBN 978-81-965105-6-5

₹ 350

MANKIND LITERATURE
A BOOKLOVE INITIATIVE
www.booklove.co.in

ഏറ്റവും പ്രിയപ്പെട്ട എന്നോട് | നിമ്ന വിജയ്

MAN KIND

16-ാം പതിപ്പ്

# ഏറ്റവും പ്രിയപ്പെട്ട എന്നോട്

നിമ്ന വിജയ്



COLLEGE OF AVIAN SCIENCES & MANAGEMENT
KVASU CAMPUS, THIRUVAZHAMKUNNU

Acc. No. 2524 ........ Call No. ........................

This book should be returned on or before the date last given below.

ഏറ്റവും പ്രിയപ്പെട്ട എന്നോട്

**Ettavum Priyappetta Ennodu**

Malayalam/ Novel

**Nimna Vijay**

Copyright © 2023 Mankind Publications All rights reserved.

No part of this publication may be reproduced, distributed, or transmitted in any form or by any means, including photocopying, recording, or other electronic or mechanical methods, without the prior written permission of the publisher, except in the case of brief quotations embodied in critical reviews and certain other noncommercial uses permitted by copyright law. For permission requests, write to the publisher, addressed "Attention: Permissions Coordinator," at the address below.

**ISBN: 978-81-965105-6-5 (Paperback)**

Any references to historical events, real people, or real places are used fictitiously. Names, characters, and places are products of the author's imagination.

Cover design : Dwijith CV
Layout: Ashker Chungam
Proof read : Haseena U

First printing edition April 2023
This printing edition January 2024

₹ 350

Mankind Literature
A booklove initiative
Puthiyangadi post, Calicut-673021
booklovecalicut@gmail.com
+91 9744 155 666

www.booklove.co.in

*എഴുത്തിൽ ഒന്നും അവകാശപ്പെടാനില്ലാത്ത എന്റെ അക്ഷരങ്ങളെ വിശ്വസിച്ചു കയ്യിലെ കാശ് മുടക്കി ആദ്യ പുസ്തകം വാങ്ങി വായിച്ചു രണ്ടാമതൊരു പുസ്തകമെന്ന വലിയ ദൂരം താണ്ടാൻ കരുത്ത് തന്ന നിങ്ങൾക്ക് വേണ്ടി...*

## നിമ്ന വിജയ്

ജീവിതത്തിലെ വളരെ ചെറിയ ഓർമ്മകളിലൂടെ മറ്റുള്ളവരുടെ ഹൃദയത്തെ തൊടുക എന്ന ആഗ്രഹത്തോടെയാണ് നിമ്ന വിജയ് തന്റെ ആദ്യ പുസ്തകമായ "നനയുവാൻ ഞാൻ കടലാകുന്നു" പുറത്തിറക്കുന്നത്. ആയിരത്തിലധികം കോപ്പികൾ വിറ്റഴിഞ്ഞ ആദ്യ പുസ്തകത്തിലൂടെ തന്നെ നിമ്ന വായനക്കാരുടെ മനസ്സിൽ ഇടം നേടി. കാലിക്കറ്റ് യൂണിവേഴ്സിറ്റിയിൽ നിന്നും ജേർണലിസത്തിൽ ബിരുദധാരിയാണ്. ഹൈദരാബാദിൽ ബിസിനസ് ജേർണലിസ്റ്റായി കരിയർ ആരംഭിച്ചു. പിന്നീട് മുംബൈയിൽ കണ്ടന്റ് ഓപ്പറേറ്ററായും ജോലി ചെയ്തു. ബാംഗ്ലൂരിലെ പ്രശസ്ത മീഡിയ സ്ഥാപനത്തിൽ സീനിയർ അസോസിയേറ്റായും പ്രവർത്തിച്ചു. ഇപ്പോൾ മുംബൈയിലെ ഒരു മീഡിയ സ്ഥാപനത്തിൽ തമിഴ്-മലയാളം മ്യൂസിക് ഓപ്പറേറ്ററായി ജോലി ചെയ്യുന്നു. മനോരമയിലും ഏഷ്യാനെറ്റിലും ലേഖനങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. സോഷ്യൽ മീഡിയ ഇൻഫ്ലുവെൻസർ എന്ന നിലയിലും സുപരിചിതയാണ്.

നിമ്നയുടെ പ്രൊഫൈൽ

സന്ദർശിക്കാൻ :

കഴിഞ്ഞ വർഷം മെയ് ആദ്യവാരമാണ് 'ഏറ്റവും പ്രിയപ്പെട്ട എന്നോട്' ന്റെ ആദ്യ പതിപ്പ് പുറത്തിറങ്ങുന്നത്. അതിനുശേഷം ഈ ഒരു ചെറിയ കാലയളവിൽ പുസ്തകം നിരവധി പതിപ്പുകൾ പിന്നിട്ടു പതിനായിരം കോപ്പികൾ എന്ന മാജിക്കൽ നമ്പറിൽ എത്തി നിൽക്കുകയാണ്. ഒരു യുവഎഴുത്തുകാരിയുടെ ആദ്യ നോവൽ എന്ന നിലയിൽ നോക്കി കാണുമ്പോൾ നിമ്നയെ സംബന്ധിച്ച് ഒരു സ്വപ്നതുല്യമായ നേട്ടമാണ് കൈവന്നിരിക്കുന്നത്. ഈ നോവലിലേക്ക് എത്തിച്ചേർന്ന സാഹചര്യങ്ങളും എഴുത്തു നേരങ്ങളിൽ കടന്നുപോയ അനുഭവങ്ങളെ കുറിച്ചുമെല്ലാം നിമ്ന പല വേദികളിലും പറഞ്ഞിട്ടുണ്ട്. കേവലം രണ്ടു പുസ്തകങ്ങളിലൂടെ തന്നെ ഒരു എഴുത്തുകാരി എന്ന നിലയിൽ തനിക്ക് നടന്നു തീർക്കേണ്ട പാത വായനക്കാർക്ക് മുന്നിൽ തുറന്നിടാൻ നിമ്നയ്ക്ക് സാധിച്ചിട്ടുണ്ട്. ആ പാതയിൽ അല്ലെങ്കിൽ ആ സ്വപ്നയാത്രയിൽ അവർക്കൊപ്പം സഞ്ചരിക്കാൻ സാധിക്കുന്നു എന്നതിൽ ഒരു പ്രസാധകരെന്ന നിലയിൽ മാൻകൈന്റ് ലിറ്ററേച്ചറിന് സന്തോഷവും അഭിമാനവുമുണ്ട്. പല ബുക്ക് ഫെയറുകളിലും സാഹിത്യോത്സവങ്ങളിലും ബെസ്റ്റ് സെല്ലർ ലിസ്റ്റിൽ ഇടം പിടിക്കാൻ നോവലിന് സാധിച്ചു. കെ എൽ എഫ് പോലുള്ള ഏഷ്യയിലെ തന്നെ ഏറ്റവും വലിയ ലിറ്ററേച്ചർ ഫെസ്റ്റിവലിൽ പുസ്തകത്തെ കുറിച്ച് സംസാരിക്കാനുള്ള അവസരം എഴുത്തുകാരിയെ തേടിയെത്തി. ഈ നേട്ടങ്ങൾക്കിടയിലും പറയാൻ ആഗ്രഹിക്കുന്നത് ഇത്രമാത്രമാണ്. ഈ യാത്ര ഇവിടെ അവസാനിക്കുന്നില്ല, ഒരു നോവൽ എന്ന നിലയിൽ 'ഏറ്റവും പ്രിയപ്പെട്ട എന്നോട്' ന് സഞ്ചരിക്കാനുള്ള ദൂരം ഇനിയും ഒത്തിരിയുണ്ട്. അതുപോലെ ഒരു എഴുത്തുകാരി എന്ന നിലയിൽ നിമ്നയ്ക്കും. പ്രസാധക രംഗത്തെ ആദ്യ ചുവടുവെപ്പിന് തന്നെ ഇത്രയും മികച്ചൊരു സ്വീകാര്യത മാൻകൈന്റിന് സമ്മാനിച്ച മുഴുവൻ വായനക്കാരോടും ഈ അവസരത്തിൽ നന്ദി അറിയിക്കുന്നു.

**സായൂജ് ബാലുശ്ശേരി**
എഡിറ്റർ
മാൻകൈന്റ് ലിറ്ററേച്ചർ

## ആമുഖം

നാം ചെയ്യുന്ന ഒരുവിധം എല്ലാ കാര്യങ്ങൾക്കും ഒരു പരിശീലനവും തയ്യാറെടുപ്പുകളുമെല്ലാം ഉണ്ടാവാറില്ലേ? പാട്ടുപാടാൻ വേദിയിൽ കയറുന്നതിന് മുൻപേ, ഇന്റർവ്യൂ അറ്റൻഡ് ചെയ്യാൻ പോകുമ്പോൾ, യാത്രപോകുമ്പോൾ. എന്തിനധികം പറയുന്നു, വലുതാകുമ്പോൾ കല്യാണം കഴിക്കാൻവേണ്ടി ചെറുപ്പം മുതലേ നമ്മളെ പരിശീലിപ്പിക്കുന്ന വീട്ടുകാരാണ് നമുക്കുള്ളത്. പക്ഷേ, ഇത്രയും പഠിപ്പിക്കുന്നതിനും പരിശീലിപ്പിക്കുന്നതിനുമിടയ്ക്ക് ജീവിതത്തിൽ ഒരു പ്രശ്നമുണ്ടാകുമ്പോൾ അതിനെ എങ്ങനെ നേരിടണമെന്ന്, എങ്ങനെ മുന്നോട്ടുനടക്കണമെന്ന് നമ്മളോടാരും പറഞ്ഞുതരാറില്ല. എങ്ങനെയാണ് പ്രതികരിക്കേണ്ടതെന്നറിയാതെ എന്ത് തീരുമാനം എടുക്കുമെന്നറിയാതെ ജീവിതത്തെ നോക്കി പകച്ചുപോയ ഒരു നിമിഷം നമുക്കെല്ലാവർക്കുമുണ്ടാകും. ഇഷ്ടമുള്ള രണ്ടുപേരുടെ പേര് പറയാൻ ആവശ്യപ്പെട്ടാൽ സ്വന്തം പേര് പറയുന്ന എത്രപേരുണ്ടാകും? എത്ര പേരുകൾ താണ്ടിയാണ് സ്വന്തം ജീവിതത്തിൽ നിങ്ങൾ നിങ്ങൾക്ക് ഇടംകൊടുക്കുന്നത്? നമുക്കെല്ലാം ലോകത്ത് ഏറ്റവും വിശ്വാസമില്ലാത്ത ഒരാൾ നമ്മൾതന്നെയാണ്. കാരണം മറ്റുള്ളവർക്കുവേണ്ടി ജീവിക്കാനല്ലാതെ സ്വയം സ്നേഹിക്കാനോ വിശ്വസിക്കാനോ ഉള്ള പരിശീലനമൊന്നും നമുക്കാരും തന്നിട്ടില്ല.

പുസ്തകത്തെക്കുറിച്ച് വലിയ വാഗ്ദാനമൊന്നും നൽകാനില്ല. ഒരുപക്ഷേ, ജീവിതത്തെക്കുറിച്ച് ആരും പറയാത്ത ചില സത്യങ്ങൾ, പഠിപ്പിക്കാത്ത ചില പാഠങ്ങൾ ഈ പുസ്തകം നിങ്ങൾക്ക് കാണിച്ചു തന്നേക്കാം.

പിന്നെ എപ്പോഴും പറയാറുള്ളതുപോലെ വരികൾക്കിടയിൽ എവിടെയെങ്കിലും വെച്ച് നിങ്ങളെയോ പ്രിയപ്പെട്ട ആരെയെങ്കിലുമൊക്കെയോ കണ്ടുമുട്ടിയേക്കാം...

**നിമ്ന വിജയ്**